(ഡി) ഇതിൽ വനഭൂമി എത്ര ; സർക്കാർ വക ഭൂമികളും പുറംപോക്കുകളും എത്ര ; വിശദാംശം ലഭ്യമാക്കുമോ ;

(ഇ) വനഭൂമിക്ക് പട്ടയം നൽകുന്നതിന് നിയന്ത്രണമേർപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ ;

(എഫ്) വനഭൂമിയിൽ കുടികിടപ്പവകാശപ്രകാരം പട്ടയം ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ സർക്കാരിന്റെ പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കുമോ ; എത്ര ഹെക്ടർ വനഭൂമിക്കുവേണ്ടിയാണ് അപേക്ഷകൾ നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ജി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നേരത്തെ പട്ടയം നൽകിയ നടപടി റദ്ദ് ചെയ്യുകയോ മരവിപ്പിക്കുകയോ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) 1964-ലെയും 1995-ലെയും ഭൂമി പതിവ് ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരം അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അവയുടെ സാദ്ധ്യത പരിശോധിച്ച് പട്ടയം നൽകി വരുന്നു. റവന്യൂ (യു) വകുപ്പിന്റെ 7-8-2001-ലെ 441/8/യു2/2001/റവ. നമ്പർ ഉത്തരവ് പ്രകാരം പൊതുതാല്പര്യം ഉള്ളടങ്ങിയിട്ടുള്ള ഭൂമി പതിവ് കേസുകൾ മാത്രമേ പരിഗണിക്കുന്നുള്ളൂ.

(സി & ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) 1980 കേന്ദ്ര വനസംരക്ഷണ നിയമ പ്രകാരം കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി ലഭിച്ചാൽ മാത്രമേ വനഭൂമിക്ക് പട്ടയം നൽകാൻ കഴിയുകയുള്ളൂ.

(എഫ് & ജി) വിവരം ശേഖരിച്ചുവരുന്നു.

അൻപത് ഹെക്ടറിൽ കൂടുതൽ ഭൂമി കൈവശമുള്ളവരുടെ കണക്ക്

21 (1960) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിനുള്ളിൽ 50 ഹെക്ടറിൽ കൂടുതൽ ഭൂമി കൈവശം വച്ചിരിക്കുന്നവർ എത്രയെന്ന് അറിയിക്കുമോ ;

(ബി) ഇതിൽ വിദേശ സ്ഥാപനങ്ങളോ വ്യക്തികളോ ഉൾപ്പെട്ടിട്ടുണ്ടോ ;

(സി) കഴിഞ്ഞ പത്ത് വർഷങ്ങൾക്കിടയിൽ ഇത്തരത്തിൽ ഭൂമി കരസ്ഥമാക്കിയ വ്യക്തികളും സംഘടനകളും എത്രയാണ് ;

(ഡി) ഇവരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; തിരുവനന്തപുരം ജില്ലയിൽ 'സി' വിഭാഗത്തിൽപ്പെടുന്നവരുടെ വിവരം ലഭ്യമാക്കാമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly